# സൂഫിസം പ്രമാണങ്ങളുടെ വെളിച്ചത്തിൽ

## ശൈഖ് മുഹമ്മദ് ജമീൽ സൈനു

## വിവ. കബീർ എം. പറളി

# ആരാണ് അല്ലാഹുവിന്റെ വലിയ്യ്?

അല്ലാഹുവിന്റെ വലിയ്യിനെ സംബന്ധിച്ച പൊതുജനധാരണകൾ ഇസ്‌ലാമിന്റെ യഥാർഥ ധാരണയുമായി പൊരുത്തപ്പെടുന്നവയല്ല. കെട്ടിപ്പൊക്കിയ ഖബറുകൾക്കും ഭീമാകാരമായ ഖുബ്ബകൾക്കുമുള്ളിൽ അന്ത്യവിശ്രമംകൊള്ളുന്ന, അല്ലെങ്കിൽ മസ്ജിദുകൾക്കുള്ളിൽ മറമാടപ്പട്ടിട്ടുള്ള ആളുകളാണ് അല്ലാഹുവിന്റെ വലിയ്യുകൾ എന്ന വിശ്വാസമാണ് സാധാരണ ജനങ്ങൾക്കുള്ളത്. ഈ വിശ്വാസത്തെ ചൂഷണം ചെയ്ത് അന്യായമായി പണമുണ്ടാക്കാൻ ഇറങ്ങിപ്പുറപ്പെട്ട ചില ദർഗാസേവകർ അതിനുപറ്റിയ കറാമത്തുകൾ മെനഞ്ഞുണ്ടാക്കി പ്രചരിപ്പിക്കാറുമുണ്ട്.

ഖുബ്ബകളും, ദർഗകളും സമൂഹത്തിൽ ഫാത്വിമിയ്യാക്കളിലെ ദർവീസുമാരുണ്ടാക്കിയ ബിദ്അത്തുകളാണ്. അല്ലാഹുവിന്റെ മസ്ജിദുകളിൽ നിന്ന് വിശ്വാസീ ഹൃദയങ്ങളെ തിരിച്ചു കളയാൻ വേണ്ടിയുണ്ടാക്കിയ വ്യാജ ഏർപ്പാടുകളാണവ. ഇറാഖിൽ ശഹീദായ ഹുസൈനി(റ)ന്റെ ഖബർ ഈജിപ്തിലും കാണാനാവുന്നത്, എവിടേയും യാഥാർഥ്യങ്ങൾക്ക് ചെവികൊടുക്കാത്ത അന്ധവിശ്വാസികളുടെ നിറസാന്നിധ്യമുള്ളതു കൊണ്ടാണ്.

ആരാധനാലയങ്ങൾക്കുള്ളിൽ മയ്യിത്ത് മറമാടുന്ന സമ്പ്രദായം ജൂത ക്രൈസ്തവരുടേതാണ്. അത്തരം ഏർപ്പാടുകളെ പ്രവാചക തിരുമേനി(സ്വ) കർശനമായി വിമർശിച്ചത് കാണാം. അവിടുന്ന് പറഞ്ഞു: ജൂത ക്രൈസ്തവരെ അല്ലാഹു ശപിക്കട്ടെ, അവർ തങ്ങളുടെ അമ്പിയാക്കൻമാരുടെ ഖബറിടങ്ങളെ ആരാധനാലയങ്ങളാക്കി. (മുത്തഫഖുൻ അലൈഹി)

മുഹമ്മദ് നബി(സ്വ)യുടെ തിരുശരീരം മറമാടിയത് മസ്ജിദുന്നബവിക്കുള്ളിലാണ് എന്ന് ധരിച്ചു വെച്ച ആളുകളുണ്ട്. തെറ്റാണത്. പ്രവാചക ശരീരം മറമാടിയത് അവിടുത്തെ വീട്ടിനുള്ളിലാണ്. ഹിജ്റ 80 ന് ശേഷം, അമവികളുടെ വരവുവരെ ആ നിലയിൽത്തന്നെയായിരുന്നു തിരുമേനിയുടെ ഖബറിടം. അമവികൾ മസ്ജിദുന്നബവി വികസിപ്പിക്കുകയും ഖബറിടം അതിനുള്ളിലാക്കുകയും ചെയ്യുകയാണുണ്ടായത്.

പള്ളിക്കകത്ത് മയ്യിത്ത് മറമാടുന്ന ചില മുസ്‌ലിംകളുണ്ട്. വിശിഷ്യാ തങ്ങളുടെ ശൈഖുമാരുടെ. നാളുകൾ പിന്നിടുമ്പോൾ അതിന്മേൽ അവർ ഖുബ്ബകൾ പണിയും. അതിനു ചുറ്റും ത്വവാഫും, അതിലുള്ളവരോടുള്ള പ്രാർഥനയുമായി അവിടം പിന്നീട് സജീവമാക്കും. അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുക വഴി അങ്ങനെയവർ ശിർക്കിലകപ്പെടുകയും ചെയ്യും. എന്നാൽ അല്ലാഹു പറയുന്നതാകട്ടെ:

وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا (الجن: 18)

പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരോയും വിളിച്ചു പ്രാർഥിക്കരുത്. (ജിന്ന് : 18)

അതെ, ഇസ്‌ലാമിലെ പള്ളികൾ മൃതശരീരങ്ങൾ മറമാടാനുള്ള സ്ഥലമല്ല. നമസ്കരിക്കാനും, അല്ലാഹുവിനെ മാത്രം ആരാധിക്കാ നുമുള്ള വിശുദ്ധഗേഹങ്ങളാണ് അവ. പ്രവാചകൻ(സ്വ) പറഞ്ഞു: നിങ്ങൾ ഖബറിടങ്ങളിലേക്ക് തിരിഞ്ഞ് നമസ്കരിക്കരുത്. അതിന്മേൽ ഇരിക്കുകയുമരുത്. (മുസ്‌ലിം) അകത്ത് ഖബറുള്ള പള്ളിയിലെ നമസ്കാരം സ്വഹീകാവുകയില്ല എന്നത് ഇസ്‌ലാമിന്റെ നിയമമാണ്.

**പരമകാരുണികന്റെ വലിയ്യുകൾ**

പരമകാരുണികനായ പടച്ചതമ്പുരാന്റെ യഥാർഥ വലിയ്യുകളെപ്പറ്റി വിശുദ്ധ ഖുർആൻ വിവരിക്കുന്നുണ്ട്:

أَلا إِنَّ أَوْلِيَاء اللَّهِ لاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ * الَّذِينَ آمَنُواْ وَكَانُواْ يَتَّقُونَ (يونس: 62و 63)

ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസി ക്കുകയും സൂക്ഷ്മത പാലിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (യൂനുസ്: 62,63)

അല്ലാഹുവിനെ സൂക്ഷിക്കുകയും, അവനോട് അനുസരണക്കേട് കാണിക്കാതിരിക്കുകയും, അവനോട് മാത്രം പ്രാർഥിക്കുകയും, ആരാധനയിൽ അവനോടു ആരേയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുന്ന യഥാർത്ഥ മുസ്‌ലിമാണ് അല്ലാഹുവിന്റെ വലിയ്യ് എന്നത്രെ പരിശുദ്ധ ഖുർആൻ നമ്മെ പരിചയപ്പെടുത്തുന്നത്. അത്തരം വലിയ്യുകളോട് ശത്രുത കാണിക്കുന്നതും, അവരെ ദ്രോഹിക്കുന്നതും, അവരുടെ ധനം അന്യായമായി തിന്നുന്നതും അല്ലാഹു ഗൗരവമായി താക്കീതു ചെയ്തിട്ടുണ്ട്. ഖുദ്സിയായ ഹദീസിൽ ഇങ്ങനെ കാണാം: അബൂഹുറയ്റ(റ) നിവേദനം. റസൂലുല്ലാഹ്(സ്വ) പറഞ്ഞു: ''അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു; വല്ലവനും എന്റെ വലിയ്യിനോട് ശത്രുത പുലർത്തിയാൽ ഞാൻ അവനോട് യുദ്ധം പ്രഖ്യാപിക്കുക തന്നെ ചെയ്യും.'' (ബുഖാരി)

അല്ലാഹുവിന് കീഴ്പ്പെട്ട് ജീവിക്കുന്ന ഇത്തരം മുവഹ്ഹിദായ മുസ്‌ലി മിൽ കറാമത്തുകൾ പ്രകടമാവുക സ്വാഭാവികമാണ്. സന്ദർഭോചിതം അല്ലാഹുവാണ് അത് നൽകി അവരെ ആദരി ക്കുന്നത്. വിലായത്തും കറാമത്തും ഖുർആനിൽ സ്ഥാപിതമാണ്. അതിൽ സംശയമേതുമില്ല. മഹതിയായ മർയ(റ)മിന്റെ കഥ അതിനുള്ള രേഖയാണ്. അവരുടെ സമീപം യഥേഷ്ടം അന്ന പാനീയങ്ങൾ ലഭ്യമായത് അല്ലാഹു അവർക്ക് നൽകിയ കറാമത്താണ്. ഖുർആൻ പറയുന്നത് കാണുക:

فَتَقَبَّلَهَا رَبُّهَا بِقَبُولٍ حَسَنٍ وَأَنبَتَهَا نَبَاتًا حَسَنًا وَكَفَّلَهَا زَكَرِيَّا كُلَّمَا دَخَلَ عَلَيْهَا زَكَرِيَّا الْمِحْرَابَ وَجَدَ عِندَهَا رِزْقًا قَالَ يَا مَرْيَمُ أَنَّى لَكِ هَـٰذَا قَالَتْ هُوَ مِنْ عِندِ اللَّهِ (آل عمران: 37)

''മിഹ്റാബിൽ (പ്രാർത്ഥനാവേദിയിൽ) അവളുടെ അടുക്കൽ സകരിയ്യാ കടന്നു ചെല്ലുമ്പോഴെല്ലാം അവളുടെ അടുത്ത് എന്തെങ്കിലും ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം ചോദിച്ചു: മർയമേ, നിനക്ക് എവിടെ നിന്നാണിത് കിട്ടിയത്? അവൾ മറുപടി പറഞ്ഞു. അത് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നതാകുന്നു.'' (ആലു ഇംറാൻ: 37)

അതെ, വിലായത്തും കറാമത്തും സത്യം തന്നെയാണ്. അത് പക്ഷെ, അല്ലാഹുവിനെ അനുസരിച്ചും അവനെ ആരാധിച്ചും കഴിയുന്ന ഭക്തന്മാരായ വിശ്വാസികളിലേ സംഭവ്യമാകൂ. പടച്ചവനെ ധിക്കരിച്ചും, നമസ്കാരാദി കർമ്മങ്ങൾ കയ്യൊഴിച്ചും, പാപങ്ങളിൽ മുഴുകിയും താന്തോന്നിയായി ജീവിക്കുന്ന ഒരുത്തനിൽ അവ സംഭിവിക്കു കയേയില്ല. അതേ സമയം, ഒരു വലിയ്യാകണമെങ്കിൽ അദ്ദേഹത്തിൽ കറാമത്ത് സംഭവിക്കണം എന്ന നിബന്ധനയൊന്നും ഖുർആൻ വെക്കുന്നില്ല. വലിയ്യാകാൻ ഖുർആൻ വെക്കുന്ന നിബന്ധന, ഈമാനും തഖ്‌വയും ഉണ്ടായിരിക്കണമെന്നാണ്.

**പിശാചിന്റെ വലിയ്യുകൾ**

വ്യക്തമായ ദൈവകോപപ്രവർത്തനങ്ങളിലേർപ്പെടുകയും, മുശ്‌രിക്കുകളെപ്പോലെ, അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുകയും ചെയ്യുന്ന ഒരാളിൽ കറാമത്തുകൾ വെളിപ്പെടുക സാധ്യമല്ല. അത്തരക്കാരെങ്ങിനെയാണ് അല്ലാഹുവിന്റെ ആദരവിന് പാത്രീഭൂതരായ വലിയ്യുകളുടെ ഗണത്തിൽപ്പെടുക?

കറാമത്ത് അനന്തരസ്വത്തായി ലഭിക്കുന്ന ഒന്നല്ല. ഈമാനും സൽകർമ്മങ്ങളും വഴിയാണ് അല്ലാഹുവിൽ നിന്നുള്ള കറാമത്തിന് ഒരാൾ അർഹനാകുന്നത്. ചില മുബ്തദിഉകളുടെ ചെയ്തികൾ കണ്ടിട്ട് കറാമത്തുകളായി ആളുകൾ തെറ്റിധരിക്കാറുണ്ട്. മൂർച്ചയുള്ള ആയുധങ്ങൾ കൊണ്ട് ശരീരത്തിൽ വെട്ടുക, തീക്കനലുകൾ വായിലിട്ട് വിഴുങ്ങുക, നാവ് മുറിക്കുക, കണ്ണ് ചൂഴുക തുടങ്ങിയ കൺകെട്ട് വിദ്യകളാണ് അവ. പിശാചുക്കളും മജൂസികളും ചെയ്യുന്ന ചില ചെപ്പടിവിദ്യകൾ. തങ്ങളുടെ വഴികേടിൽ തന്നെ തുടരുവാൻ അല്ലാഹു അവർക്ക് നൽകുന്ന അവസരങ്ങളാണ് സത്യത്തിൽ, അവയൊക്കെ. അല്ലാഹു പറഞ്ഞതാണ് യാഥാർത്ഥ്യം:

وَمَن يَعْشُ عَن ذِكْرِ الرَّحْمَـٰنِ نُقَيِّضْ لَهُ شَيْطَانًا فَهُوَ لَهُ قَرِينٌ (الزخرف: 36)

''പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തി കൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും.'' (സുഖ്റുഫ്: 36)

മുകളിൽ വായിച്ച ചെപ്പടിവിദ്യകളൊന്നും ഇസ്‌ലാം അംഗീകരിക്കു ന്നവയല്ല. അല്ലാഹുവിന്റെ ദൂതനോ, സച്ചരിതരായ സ്വഹാബത്തോ അപ്രകാരം ചെയ്തിട്ടുമില്ല. അവയെല്ലാം പിൽകാലത്ത് മതത്തിൽ കടത്തിക്കൂട്ടപ്പെട്ട ബിദ്അത്തുകളാണ്. ബിദ്അത്തുകൾ വിശ്വാസികളെ വഴികേടിലേക്കും നരകത്തിലേക്കും കൊണ്ടെത്തിക്കുമെന്ന് നബി തിരുമേനി(സ്വ) താക്കീതു ചെയ്തിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: "നിങ്ങൾ പുത്തനാചാരങ്ങളെ കരുതിയിരിക്കുക. നിശ്ചയം, പുത്തനാചാരങ്ങൾ ബിദ്അത്തുകളാണ്. ബിദ്അത്തുകളാകട്ടെ തികഞ്ഞ വഴികേടും." (തിർമുദി, ഈ ഹദീസ് ഹസനും സ്വഹീഹുമാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.)

ഇന്ത്യയിൽ കാഫിറുകൾക്കിടയിൽ നിലനിൽക്കുന്ന കൺകെട്ട്-ചെപ്പടി വിദ്യകളെപ്പറ്റി ലോകസഞ്ചാരിയായിരുന്ന ഇബ്നു ബത്തൂത്ത ഒരുപാട് രേഖപ്പെടുത്തിയിട്ടുണ്ട്. ശൈഖ് ഇബ്നു തൈമിയ്യ(റ)യും അത്തരം ചിലത് ഉദ്ധരിച്ചിട്ടുണ്ട്. (കാഫിറുകൾക്കിടയിൽ മാത്രമല്ല, മുസ്‌ലിം കളെന്ന് പറയപ്പെടുന്നവർക്കിടയിലും, ദർഗകളെ കേന്ദ്രീകരിച്ചും അല്ലാതെയും അത്തരം ഏർപ്പാടുകൾ നടക്കുന്നുണ്ട്. കേരളത്തിൽ ഒരു വിഭാഗം മുസ്‌ലിംകൾ ആചരിക്കുന്ന കുത്ത് റാതീബ് അത്തരത്തി ലുള്ളതാണ്. വിവ.) അവരെയൊക്കെ അല്ലാഹുവിന്റെ വലിയ്യുകളാണെന്നും, അവർക്ക് കറാമത്തുകളുണ്ടെന്നും നമുക്ക് പറയാമൊ?! വാസ്തവത്തിൽ പിശാചുക്കളുടെ പ്രവർത്തനങ്ങളാണ് അവയെല്ലാം. അത്തരം ആളുകൾക്ക് അല്ലാഹു അവധി നീട്ടക്കൊടുക്കു കയാണ് ചെയ്യുന്നത്. അല്ലാഹു പറഞ്ഞു:

قُلْ مَن كَانَ فِي الضَّلَالَةِ فَلْيَمْدُدْ لَهُ الرَّحْمَنُ مَدًّا (مريم: 75)

(നബിയേ,) പറയുക: വല്ലവനും ദുർമാർഗത്തിലായിക്കഴിഞ്ഞാൽ പരമ കാരുണികൻ അവന്നു അവധിനീട്ടികൊടുക്കുന്നതാണ്. (മർയം: 75)